GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 – 2318186, 2317314

Editor Farm News – Dr. Amritha V.S

---

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 06/10/2026

1. നാളികേര വികസന ബോർഡ് ഏർപ്പെടുത്തിയ ദേശീയ നാളികേര പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു. മികച്ച കർഷകർ, മികച്ച ശാസ്ത്രജ്ഞർ/ഗവേഷകർ, മികച്ച സംരംഭകർ എന്നിവർക്കാണ് പുരസ്കാരം നൽകുന്നത്. നവംബർ മാസത്തിൽ നടക്കുന്ന അന്താരാഷ്ട്ര നാളികേര

സമ്മേളനത്തിൽ പുരസ്കാരങ്ങൾ സമ്മാനിക്കും. **അപേക്ഷകൾ ഒക്ടോബർ 15നകം സമർപ്പിക്കണം.**

വിശദവിവരങ്ങൾക്ക് നാളികേര വികസന ബോർഡിന്റെ വെബ് സൈറ്റ് സന്ദർശിക്കാം: **coconutboard.gov.in.**, **ഫോൺ:** 0484 2376265, 2377266, 2377267.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **ഒക്ടോബർ 12ന് 'കോഴി, താറാവ്, കാട എന്നിവയുടെ ശാസ്ത്രീയ പരിപാലനം'** എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് 500/- രൂപ. പങ്കെടുക്കുവാൻ താൽപര്യമുള്ളവർ **9400483754** എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുക.

3. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **ആട് വളർത്തൽ** എന്ന വിഷയത്തിൽ ഒക്ടോബർ 8 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വെച്ച് സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. രാവിലെ 10 മണിമുതൽ 5 മണിവരെയാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 0491- 2815454 എന്ന ഫോൺ നമ്പറിൽ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർകാർഡിന്റെ പകർപ്പ് കൊണ്ടുവരേണ്ടതാണ്.

4. സംസ്ഥാന സർക്കാരിന്റെ 'ഒരു ലക്ഷം യുവജന കർഷക തൊഴിൽദാന പദ്ധതി' യിൽ അംഗങ്ങളായവരുടെ അംഗത്വം പുതുക്കുന്ന നടപടികൾ വിവിധ കൃഷി ഭവനുകളിൽ ആരംഭിച്ചു. 60 വയസ്സ് പൂർത്തിയായി ആനുകൂല്യങ്ങൾക്ക്

അപേക്ഷ നൽകാത്തവരും 60 വയസ്സ് പൂർത്തിയാകാത്ത അംഗങ്ങളും അംഗത്വം പുതുക്കുന്നതിനായി ആധാർ കാർഡ്, ഭൂമിയുടെ കരം അടച്ച രസീത്, ബാങ്ക് പാസ് ബുക്ക് എന്നിവയുമായി തൊട്ടടുത്ത കൃഷി ഭവനിൽ എത്തണമെന്ന് കൃഷി ഓഫിസർ അറിയിച്ചു.

5. കൃഷിവകുപ്പ് ഫാം ഇൻഫർമേഷൻ ബ്യൂറോ 2026-27 വർഷത്തിൽ "കാർഷികകേരളം - പുതുയുഗപ്പിറവിയിലേക്ക്" എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ഫാം ഫോട്ടോഗ്രാഫി മത്സരത്തിലേക്ക് എൻട്രികൾ സമർപ്പിക്കാനുള്ള അവസാന തീയതി 2026 ഒക്ടോബർ 15 വരെ ദീർഘിപ്പിച്ചു. കാർഷിക മേഖലയിലെ പുതുമകളും മാറ്റങ്ങളും പ്രതിഫലിപ്പിക്കുന്ന ചിത്രങ്ങളാണ് മത്സരത്തിനായി പരിഗണിക്കുന്നത്. ഹൈടെക് കൃഷിരീതികൾ, നൂതന കാർഷിക സാങ്കേതികവിദ്യകൾ, കാർഷിക സംരംഭങ്ങൾ, സംഘകൃഷി തുടങ്ങിയവ ചിത്രങ്ങളുടെ പ്രമേയമാക്കാം. പ്രായഭേദമന്യേ എല്ലാവർക്കും മത്സരത്തിൽ പങ്കെടുക്കാം. ഒരാൾക്ക് പരമാവധി മൂന്ന് ചിത്രങ്ങൾ സമർപ്പിക്കാം. ചിത്രങ്ങൾക്ക് കുറഞ്ഞത് 300 DPI റെസല്യൂഷനും 3 MB ഫയൽ വലുപ്പവും ഉണ്ടായിരിക്കണം. ഡിജിറ്റലായി എഡിറ്റ് ചെയ്തതും മുൻവർഷങ്ങളിൽ സമർപ്പിച്ചതുമായ ചിത്രങ്ങൾ മത്സരത്തിന് പരിഗണിക്കില്ല. ഒന്നാം സമ്മാനം ₹20,000, രണ്ടാം സമ്മാനം ₹10,000, മൂന്നാം സമ്മാനം ₹5,000 എന്നിങ്ങനെയാണ്. കൂടാതെ ₹1,000 വീതമുള്ള 10 പ്രോത്സാഹന സമ്മാനങ്ങളും ഉണ്ടായിരിക്കും.ചിത്രങ്ങൾ farmphotography2026@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് 8078095860 എന്ന നമ്പറിൽ ബന്ധപ്പെടുക.

6. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വിവിധ കോളേജുകളിൽ / കേന്ദ്രങ്ങളിൽ ആര് എഫ് രീതിയിൽ നടത്തപ്പെടുന്ന യു.ജി. പ്രോഗ്രാമുകളുടെ NRI ക്വാട്ട സീറ്റുകളിലേക്ക് അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തിയ്യതി 31.10.2026 വരെ നീട്ടിയിരിക്കുന്നു.

1. ബി.എസ്.സി.(ഓണേഴ്സ്) അഗ്രിക്കൾച്ചര് –4 സീറ്റ്
2. ബി.എസ്.സി.(ഓണേഴ്സ്) ഹോർട്ടിക്കൾച്ചർ–4 സീറ്റ്
3. ബി.ടെക് അഗ്രിക്കൾച്ചറല് എഞ്ചിനീറിംഗ്–5 സീറ്റ്

യോഗ്യത, പ്രവേശന രീതി, ഫീസ് തുടങ്ങിയ വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും www.admissions.kau.in എന്ന സർവകലാശാല വെബ് പോർട്ടൽ സന്ദർശിക്കുക. കൂടുതൽ അന്വേഷണങ്ങൾക്ക് 0487–243–8139 എന്ന നമ്പരിൽ ഓഫീസ് സമയത്ത് (രാവിലെ 10 മുതൽ വൈകിട്ട് 5 വരെ ) ബന്ധപ്പെടാവുന്നതാണ്.